# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.231/PR/PIC/PHQ/18 Date : 11.09.2018

6

**കേരള പോലീസ് ഡിജിറ്റൽ രംഗത്ത് ഒരു പടി കൂടി മുന്നോട്ട്**

## ക്രൈം & ക്രിമിനൽ ട്രാക്കിങ് സിസ്റ്റം പൂർണ പ്രവർത്തനത്തിലേക്ക്

പോലീസ് സേവനങ്ങൾ ഡിജിറ്റലായി ജനങ്ങൾക്കു ലഭ്യമാക്കുന്നതിനും കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും ഡിജിറ്റൽ വിവരശേഖരണത്തിനും രാജ്യത്തെ പോലീസ് സംവിധാനത്തെ ഒറ്റ ശൃംഖലയിലാക്കുന്നതിനും ലക്ഷ്യമിട്ട് ആവിഷ്കരിച്ച **' ക്രൈം&ക്രിമിനൽ ട്രാക്കിങ് സിസ്റ്റം'** സംസ്ഥാനത്ത് പൂർണമായും പ്രവർത്തനക്ഷമമായി. ദുരന്തനിവാരണമുൾപ്പെടെയുള്ള സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ കൂടുതൽ ഫലപ്രദമായും വേഗത്തിലുമെത്തിക്കാനും പദ്ധതി പൂർണമായും പ്രവർത്തനക്ഷമമാകുന്നതുവഴി സാധ്യമാവും.

പോലീസ് ആസ്ഥാനത്തുനടന്ന ചടങ്ങിൽ പദ്ധതി പൂർണമായും പ്രവർത്തനക്ഷമമായതു സംബന്ധിച്ച പ്രഖ്യാപനം (CCTNS Go Live Declaration) ഈയിടെ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർവഹിച്ചിരുന്നു. രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ഭാരതസർക്കാരിന്റെ നാഷണൽ ഇ -ഗവേണൻസ് പദ്ധതിയിൻ കീഴിൽ 2009 -ൽ ആരംഭിച്ച മിഷൻ മോഡ് പ്രോജക്ട് ആണ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിങ് നെറ്റ്വർക്ക് ആന്റ് സിസ്റ്റംസ് (CCTNS) പദ്ധതി. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി സംസ്ഥാനത്ത് പൂർത്തീകരിച്ചുവരികയായിരുന്നു. പ്രവർത്തനകേന്ദ്രം കണ്ടെത്തി സജ്ജീകരിക്കൽ, ആവശ്യമായ ഉപകരണങ്ങൾ വിന്യസിക്കൽ, വിവിധ പോലീസ് ഓഫിസുകളെ ഡിജിറ്റൽ ശൃംഖലയിലാക്കൽ, പരിശീലനം, വിവരങ്ങളുടെ ഡിജിറ്റൽവത്കരണവും കൈമാറ്റവും, സോഫ്റ്റ്വെയർ പരിഷ്കരണം, 'തുണ' സിറ്റിസൺ പോർട്ടലിന്റെ സജ്ജീകരണം എന്നിവയാണ് നടന്നത്. എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി പദ്ധതി പൂർണമായും പ്രവർത്തനക്ഷമമാക്കുന്ന പ്രഖ്യാപനമാണ് '*ഗോ ലൈവ്* '.

ഇതോടെ സംസ്ഥാനത്തെ 531 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 819 പോലീസ് ഓഫീസുകൾ ഡിജിറ്റൽ ശൃംഖലയിലാക്കിക്കഴിഞ്ഞു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളും ഈ ശൃംഖലയിൽ ബന്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ വിവിധ ലൊക്കേഷനുകളിലായി 2641 കമ്പ്യൂട്ടറുകളും 1211 പ്രിന്ററുകളും ഇതിന്റെ ഭാഗമായി വിതരണം ചെയ്തു. 16 ട്രെയിനിങ് സെന്ററുകളിലായി 21440 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. 10,22,000 ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുകയും മൈഗ്രേറ്റ് ചെയ്യുകയും ചെയ്തു. ഒരു കോടിയിലധികം ജനറൽ ഡയറികളും 35 ലക്ഷത്തോളം

എഫ് ഐ ആർ കളും ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തി. പ്രവർത്തനങ്ങൾ സുഗമമാക്കാൻ വേണ്ടി സ്റ്റേറ്റ് ഡാറ്റാസെന്ററും നാഷണൽ ഡാറ്റ സെന്ററും ഡിസാസ്റ്റർ റിക്കവറി സെന്ററും സജ്ജമാക്കി. സംസ്ഥാനത്തിന് ആവശ്യമായ രീതിയിൽ ആപ്ലിക്കേഷൻ കസ്റ്റമൈസ് ചെയ്യാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും സാധിച്ചുവന്നതും പദ്ധതിയുടെ സവിശേഷതയാണ്.

പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി (The Hand You Need For Assistance - THUNA) എന്ന പൊതുജനസൗഹാർദ്ദ പോർട്ടൽ ഇതിന്റെ ഭാഗമായി ഈയിടെ പ്രവർത്തനം ആരംഭിച്ചിരുന്നു. പരാതികൾ ഓൺലൈനായി നൽകുന്നതിനുപുറമേ ഇ എഫ്.ഐ. ആർ, പിടികിട്ടാപ്പുള്ളികളുടെ വിവരങ്ങൾ, കാണാതായവരുടെ വിവരങ്ങൾ, എൻ.ഒ.സി, മൈക്ക് അനുമതി, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് വെരിഫിക്കേഷൻ, ജി.ഡി.കോപ്പി, (e-FIR, Arrrested Wanted criminals Details, missing persons, NOC, Mike sanction, PCC, Employment Verification, GD copy) പൊതുവായ നിർദ്ദേശങ്ങൾ തുടങ്ങിയ സേവനങ്ങളും പൊതുജനങ്ങൾക്ക് 'തുണ' പോർട്ടൽ വഴി ലഭ്യമായിട്ടുണ്ട്. കുറ്റകൃത്യങ്ങൾ കമ്പ്യൂട്ടർ സഹായത്തോടെ കണ്ടെത്തൽ, മുൻകരുതൽ, തടയൽ എന്നിവ സുഗമമാക്കാൻ ഇതുവഴി കഴിയും. ഒപ്പം, കുറ്റവാളികളുടെ പ്രവർത്തനരീതി, സ്വഭാവം എന്നിവ ക്രോഡീകരിക്കുന്നതിനും കുറ്റവാളികളേയും കുറ്റകൃത്യങ്ങളേയും കുറിച്ചുള്ള വിവരശേഖരണത്തിനും കൈമാറ്റത്തിനും കേന്ദ്രീകൃതമായി പ്രവർത്തനവും ഏകോപനവും സാധ്യമായി.

സിഡാക്, ഐറ്റി മിഷൻ, ടി.സി.എസ്. അക്സെന്റ്യൂർ, ബി.എസ്. എൻ. എൽ ( CDAC, KSIM, TCS, Accenture, BSNL ) തുടങ്ങിയ ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

'ഗോലൈവ് ' ഡിക്ലയർ ചെയ്യുന്നതോടുകൂടി പദ്ധതി പൂർണമായും പ്രവർത്തനഘട്ടത്തിലേയ്ക്ക് കടക്കും. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങളും പിന്തുണയും സർക്കാർ നൽകിയത് പദ്ധതിനിർവഹണം വേഗത്തിലാക്കാൻ സഹായിച്ചുവെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. വിവരസാങ്കേതിക വിദ്യകളുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി കേരള പോലീസ് മാറ്റത്തിന്റെ പുതിയ ചുവടുവയ്പ്പിലാണെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയുടെ നേതൃത്വത്തിൽ എസ്.സി.ആർ.ബി. എ.ഡി.ജി.പി. ടോമിൻ തച്ചങ്കരി സി.സി.ടി.എൻ.എസ്. നോഡൽ ഓഫീസറായും ഐ.ജി. മനോജ് എബ്രഹാം അഡിഷണൽ നോഡൽ ഓഫീസറായും ഡി.ഐ.ജി. ഷെഫീൻ അഹമ്മദ് ഡെപ്യൂട്ടി നോഡൽ ഓഫീസറായും എസ്. പി. ജയനാഥ് അസിസ്റ്റന്റ് നോഡൽ ഓഫീസറായും പ്രവർത്തിച്ചു വരുന്നു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉപരി കമ്മിറ്റിയും (Apex committee) സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള ഉന്നതാധികാര കമ്മിറ്റിയും (Empowered Committee) നോഡൽ ഓഫീസറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് മിഷൻ ടീം, സ്റ്റേറ്റ് കോർ ടീം എന്നിവയും ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഡിസ്ട്രിക്റ്റ് മിഷൻ ടീമും ഡിസ്ട്രിക്റ്റ് കോർടീമുമാണ് പദ്ധതിക്ക് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. എസ്.സി.ആർ.ബി. എസ്.പി. രാജു എ എസ്, സിസ്റ്റം അനലിസ്റ്റ് മാത്യൂ സൈമൺന്റെ നേതൃത്വത്തിൽ എസ് സി ആർ ബി ടീമും പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നു.

*******************